# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 90**

18/03/2013 ൽ
**മറുപടിയ്ക്ക്**

### പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനം

| ചോദ്യം<br>ശ്രീ. ജോസഫ് വാഴക്കൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിലും സി.എ. തസ്തികയിലും ജോലി ചെയ്യുന്നവർക്ക് അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നല്കുന്നതിന് നിലവിലുള്ള അനുപാതം എത്രയാണ് ; പ്രസ്തുത അനുപാതം എന്നു മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; | എ) 20% സംവരണം 25.03.2006 മുതൽ നിലവിലുണ്ട്. |
| ബി) പ്രസ്തുത അനുപാതം നിലവിൽ വന്നതിനുശേഷം ഇതുവരെ അസിസ്റ്റന്റ് എൻട്രികേഡർ തസ്തികയിൽ ഓരോ കലണ്ടർ വർഷത്തിലും പൊതുഭരണ വകുപ്പിൽ വന്ന ഒഴിവുകൾ എത്രയെന്ന് വിശദമാക്കുമോ ; | (ബി) & (സി)<br>കലണ്ടർ വർഷാടിസ്ഥാനത്തിൽ ഒഴിവുകളുടെ എണ്ണം ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല. |
| സി) പ്രസ്തുത ഒഴിവുകളിൽ നിലവിലുള്ള അനുപാതത്തിൽ എത്ര ടൈപ്പിസ്റ്റുമാർക്കും സി.എ. മാർക്കും ഓരോ കലണ്ടർ വർഷവും ഇതുവരെ നിയമനം നൽകിയിട്ടുണ്ടെന്നറിയിക്കുമോ; | |
| ഡി) പ്രസ്തുത അനുപാതം നിലവിൽ വന്നതിനുശേഷം ഇതുവരെ അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി പൊതുഭരണ വകുപ്പിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ പേരും നിയമന ഉത്തരവിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | ഡി) അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി നിയമനം ലഭിച്ചവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ